പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1861**

17-03-2015 – ൽ മറുപടിയ്ക്ക്

**കടൽ രക്ഷാപ്രവർത്തനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എളമരം കരീം** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മലപ്പുറം ജില്ലയിലെ പൊന്നാനി മുതൽ കോഴിക്കോട് വടകര ചോമ്പാൽ വരെയുള്ള കടൽ രക്ഷാ പ്രവർത്തനങ്ങളും ഏകോപനവും നിയന്ത്രിക്കേണ്ട ബേപ്പൂരിലെ ഫിഷറിസ് കൺട്രോളർ റൂമിൽ സുരക്ഷാ സംവിധാനങ്ങൾ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ബേപ്പൂർ ഫിഷറീസ് സ്റ്റേഷനിൽ കടൽ സുരക്ഷയ്ക്കും KMFR Act പ്രകാരം പട്രോളിംഗ് നടത്തുന്നതിനുമായി വാടകയ്ക്ക് ഒരു ബോട്ട് ഉപയോഗിച്ചുവരുന്നു. ബീക്കൺ, ലൈഫ് ബോയ്, റഡാർ മുതലായ 10 ഉപകരണങ്ങൾ ഉൾപ്പെട്ട കടൽ സുരക്ഷാ കിറ്റ്, ഇൻഫ്ലാറ്റബിൾ ബോട്ട് എന്നിവയും നൽകിയിട്ടുണ്ട്. |
| ബി) | ആധുനിക സൗകര്യങ്ങളോട് കൂടിയ ഇരുമ്പു ബോട്ടും മറ്റ് ഉപകരണങ്ങളും അനുവദിച്ച് കടൽ രക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുണ്ടോ; സ്വീകരിക്കുമോ; | ബി) | കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ അതിവേഗം തീരത്ത് എത്തിക്കുന്നതിന് സൗകര്യപ്രദമായ രീതിയിലും പ്രാദേശികമായി രൂപകൽപ്പന ചെയ്ത് ആവശ്യമായ ഉപകരണങ്ങൾ സഹിതമുള്ള 'മറൈൻ ആംബുലൻസ് ' സംവിധാനം നടപ്പാക്കുന്ന വിഷയം പരിഗണനയിലാണ്. |
| സി) | തീരക്കടലിലും ഉൾക്കടലിലും അപകടത്തിൽപ്പെടുന്ന മത്സ്യ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ രക്ഷിക്കുന്നതിനായി നിയമിച്ച കടൽ സുരക്ഷാ ഗാർഡുമാരുടെ ജോലിസമയം എട്ട് മണിക്കൂറാക്കി നിജപ്പെടുത്തി ജോലി സ്ഥിരത ഉറപ്പാക്കണമെന്നും വേതനം വർദ്ധിപ്പിക്കണമെന്നുമുള്ള ഇവരുടെ ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ രക്ഷിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്ന ഗാർഡുമാരുടെ നിലവിലുള്ള വേതനം 377 രൂപയിൽ നിന്നും 850 രൂപയാക്കി വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ